LIBRARY ARCHIVES Kerala Legislative Assembly

ഓണക്കാലത്ത് കൈത്തറിയുടെ ഒരു ചലഞ്ച് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. പരമാവധി കൈത്തറി ഉത്പന്നങ്ങൾ വാങ്ങിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിൽ എല്ലാ നിയമസഭാംഗങ്ങളും പങ്കാളികളാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഖാദി-കൈത്തറി മേഖലകളിലുള്ള തൊഴിലാളികളുടെ കൂലി കൂടിശ്ശികയും നിലനിൽക്കുന്നുണ്ട്. അതുപോലെ ഖാദി മേഖലയിൽ നേരത്തേ പ്രഖ്യാപിച്ചിരുന്ന 30 ശതമാനം റിബേറ്റ് 10 ശതമാനം വർദ്ധിപ്പിച്ചുകൊടുത്താൽ വലിയ ഉപകാരമായിരിക്കും. കൂലിക്കുടിശ്ശിക നൽകുന്നതിനും റിബേറ്റ് വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കൂലിക്കുടിശ്ശികയെന്നുള്ളത് യഥാർത്ഥത്തിൽ കൂലിക്കൊപ്പം ഗവൺമെന്റ് നൽകുന്ന ഒരു ഭാഗമാണ്. അതിൽ കുടിശ്ശികയുടെ ഒരു ഭാഗം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ അവശേഷിക്കുന്ന കുടിശ്ശികകൂടി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിബേറ്റിന്റെ കാര്യം പരിശോധിക്കുന്നതാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

III സബ്മിഷൻ

(1) സ്പെഷ്യൽ ഫീസ് ഒഴിവാക്കുന്നതിന് നടപടി

ഡോ. കെ. ടി. ജലീൽ: സർ, കോവിഡിനെത്തുടർന്ന് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 2020-21 അദ്ധ്യയനവർഷത്തെ ക്ലാസ്സുകൾ ഓൺലൈൻ മുഖേനയാണ് നടന്നത്. സ്പോർട്സ്, കലോത്സവം, ലൈബ്രറി ഉപയോഗം, ലാബുകളുടെ ഉപയോഗം ഇവയൊന്നും കഴിഞ്ഞവർഷം നടന്നിട്ടില്ല. ഇതിന്റെ വെളിച്ചത്തിലാണ് 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഫീസ് ഈടാക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചത്. എന്നാൽ 2020-21 വർഷത്തിൽ പ്ലസ് ടു പൂർത്തിയാക്കി പുറത്തുപോകുന്ന വിദ്യാർത്ഥികളുടെ കാര്യത്തിൽ ഇപ്പോഴും അവ്യക്തത നിലനിൽക്കുകയാണ്. പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികളിൽനിന്ന് ഫീസ് ഈടാക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് എസ്.എഫ്.ഐ. ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകൾ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർക്ക് നിവേദനം നൽകിയിട്ടുണ്ട്. ഇതുമൂലം ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കിടയിൽ വലിയ ആശയക്കുഴപ്പമാണ് ഉണ്ടായിരിക്കുന്നത്. പല പ്രാവശ്യം അധികൃതരെ പ്രിൻസിപ്പൽമാർ ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും വ്യക്തമായൊരു മറുപടി ലഭ്യമായിട്ടില്ല. തൽസ്ഥിതി തുടരണമെന്നാണ് DGE (Director of General Education)

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുള്ള മറുപടി. ഇത് രണ്ടുവിധത്തിലും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. പ്രവേശന സമയത്താണ് വിദ്യാർത്ഥികളിൽനിന്ന് ഫീസ് ഈടാക്കുന്നത്. കഴിഞ്ഞവർഷം ഓൺലൈനായി പ്രവേശനം നടന്നതിനാൽ പല വിദ്യാർത്ഥികളും തങ്ങൾ പഠിക്കുന്ന സ്കൂളുകൾ കണ്ടിട്ടുപോലുമില്ല. രണ്ടാംവർഷ പ്ലസ് ടു വിദ്യാർത്ഥികൾ പരീക്ഷ എഴുതാനല്ലാതെ സ്കൂളുകളിൽ വന്നിട്ടുമില്ല. ഇത്തരമൊരു സാഹചര്യത്തിൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഫീസ് ഒടുക്കുന്നതിൽനിന്ന് ഒഴിവാക്കിയതുപോലെ 2020-21 അദ്ധ്യയന വർഷം പ്ലസ് ടു പൂർത്തിയാക്കിയ വിദ്യാർത്ഥികളെയും ഫീസ് ഒടുക്കുന്നതിൽനിന്ന് ഒഴിവാക്കി ഉത്തരവാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതല്ലെങ്കിൽ നിർബന്ധമായും ഫീസ് ഈടാക്കണമെന്ന് രേഖാമൂലം പ്രിൻസിപ്പൽമാരെ അറിയിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാൻ തയ്യാറാകണമെന്നും അപേക്ഷിക്കുന്നു. പ്ലസ് ടു റിസൾട്ട് പുറത്തുവന്ന സാഹചര്യത്തിൽ സർട്ടിഫിക്കറ്റുകൾ നൽകുന്ന സമയമാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ നിശബ്ദത പാലിക്കണം.

ഡോ. കെ. ടി. ജലീൽ: ഫീസ് കളക്ട് ചെയ്യേണ്ട സമയത്ത് ക്ലിപ്തമായൊരു സർക്കാർ ഉത്തരവില്ലെങ്കിൽ അത് സംഘർഷങ്ങൾക്ക് ഇടയാക്കിയേയ്ക്കും. ഇക്കാര്യത്തിൽ അടിയന്തര നടപടികളുണ്ടാകണം. ഒന്നുകിൽ ഫീസ് പിരിക്കണമെന്ന് കണിശ്ശമായി പറയുക അതല്ലെങ്കിൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഫീസിൽനിന്ന് ഒഴിവാക്കിയതുപോലെ 2020-21 അദ്ധ്യയന വർഷം പ്ലസ് ടു പൂർത്തിയാക്കിയവരെയും ഫീസ് നൽകുന്നതിൽനിന്നും ഒഴിവാക്കുക. ഇതിൽ ഏതെങ്കിലും ഒരു കാര്യം അടിയന്തരമായി ചെയ്യണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട അംഗം ഡോ. കെ. ടി. ജലീൽ ഉന്നയിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്. 2020-21 അക്കാദമിക വർഷത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ ഔദ്യോഗികമായി തുറന്ന് പ്രവർത്തിക്കുകയോ വിദ്യാർത്ഥികൾക്ക് ഹാജർ നിർബന്ധമാക്കുകയോ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. ഹൈസ്കൂളുകളിൽനിന്ന് വ്യത്യസ്തമായി ചില ഗവൺമെന്റ് എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ രണ്ടാംവർഷ വിദ്യാർത്ഥികളിൽനിന്നും സ്പെഷ്യൽ ഫീസ് പിരിക്കുന്നതായി അറിവ് കിട്ടിയിട്ടുണ്ട്. 9, 10 ക്ലാസ്സുകളിലെ സ്പെഷ്യൽ ഫീസ് കോവിഡ് കാലം പരിഗണിച്ച് സർക്കാർ വേണ്ടെന്നുവച്ചതുപോലെ പ്ലസ് ടു വിദ്യാർത്ഥികളുടെ സ്പെഷ്യൽ ഫീസും വേണ്ടെന്നുവയ്ക്കുന്നതിനെപ്പറ്റി ഗവൺമെന്റ്

പരിശോധിക്കുന്നുണ്ട്. 2020-21 അദ്ധ്യയന വർഷത്തിൽ രണ്ടാംവർഷ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽനിന്നും ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് ഇനത്തിൽ ഈടാക്കേണ്ട തുക സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ് ഫയൽ പുട്ട്അപ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ തീരുമാനം വന്നാലുടൻതന്നെ അതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

(2) ചുരം റോഡ് വികസനം

ശ്രീ. ഇ. കെ. വിജയൻ: സർ, വളരെ പ്രധാനപ്പെട്ട ചുരം റോഡിന്റെ കാര്യമാണ് ഇവിടെ ഉന്നയിക്കുന്നത്. കോഴിക്കോട് ജില്ലയെ വയനാട് ജില്ലയുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട റോഡാണ് കുറ്റ്യാടി-പക്രംതളം ചുരം റോഡ്. രണ്ട് ജില്ലകളെ ബന്ധിപ്പിക്കുന്നുവെന്ന് മാത്രമല്ല, കഴിഞ്ഞ പ്രളയകാലത്ത് താമരശ്ശേരി ചുരം തകർന്ന് വയനാട് ഒറ്റപ്പെട്ടുപോയപ്പോൾ വയനാടുകാർക്ക് ഏക ആശ്രയം ഈ ചുരമായിരുന്നു. ഏകദേശം 16 കിലോമീറ്ററാണ് ഈ റോഡുള്ളത്. വയനാട് ഭാഗത്തെ റോഡ് ഇന്ന് പൂർണ്ണമായും കുറ്റമറ്റ രീതിയിൽ ബി.എം.&ബി.സി. ചെയ്ത് നന്നാക്കി കഴിഞ്ഞിട്ടുണ്ട്. ആയിരക്കണക്കിന് വാഹനങ്ങളും പതിനായിരക്കണക്കിന് യാത്രക്കാരും യാത്ര ചെയ്യുന്ന റോഡാണിത്. കോഴിക്കോട് - ബാംഗ്ലൂർ റോഡ്, വടകര-ബാംഗ്ലൂർ റോഡ് എന്നാണ് ഇത് യഥാർത്ഥത്തിൽ അറിയപ്പെടുന്നത്. ചുരത്തിന്റെ ഭാഗത്ത് 15 മീറ്റർ വരെ സ്ഥലം സൗജന്യമായി നൽകാൻ സന്നദ്ധരാണെന്നാണ് ജനങ്ങൾ സൂചിപ്പിച്ചിട്ടുള്ളത്. കേരളത്തിൽ ഇനി നിർമ്മിക്കേണ്ട പ്രധാനപ്പെട്ട റോഡെന്ന പരിഗണന വച്ചുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ഈ റോഡിന്റെ പ്രവർത്തനമാരംഭിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും എല്ലാവിധ സഹായങ്ങളും ഉണ്ടാകണം. അതോടൊപ്പം ജനങ്ങളുടെ സഹകരണം ലഭിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അവിടെയൊരു യോഗം ചേരുന്നത് നല്ലതായിരിക്കും. അതിനുകൂടി ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധത പ്രകടിപ്പിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട നാദാപുരം അംഗം ഇ. കെ. വിജയൻ ഉന്നയിച്ചത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. മലബാറിലെ പ്രധാനപ്പെട്ട അന്തർ സംസ്ഥാന പാതയാണ് കുറ്റ്യാടി-പക്രംതളം-മാനന്തവാടി റോഡ്. കോഴിക്കോട്-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും ബാംഗ്ലൂർ, മൈസൂർ എന്നിവിടങ്ങളിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly